ഈ കാമ്പൗണ്ടിംഗ് സമ്പ്രദായം സഹായകമാകും. വിശദവിവരം അനുബന്ധം 4-ൽ കൊടുത്തിട്ടുണ്ട്. ഇതുവഴി 5 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

209. ഗവൺമെന്റ് പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടം വർദ്ധിപ്പിക്കുന്നതാണ്.

210. ഇനി നികുതി ചോർച്ച തടയുന്നതിനും നികുതി സംഭരണം കാര്യക്ഷമമാക്കുന്നതിനുമായി ഏതാനും ഭരണപരമായ നടപടികൾ ഞാൻ നിർദ്ദേശിക്കുന്നു. വിശദവിവരം അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു. ഈ നടപടികളിലൂടെ 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

211. വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതു സംബന്ധിച്ച് നിയമസഭാ സബ്ജക്ട് കമ്മിറ്റി സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ടു കൂടി പരിഗണിച്ചുകൊണ്ട് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും അത്യാവശ്യ മരാമത്തു പണികൾ ചെയ്യുന്നതിനും ഈ സാമ്പത്തികവർഷം തന്നെ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ ഞാൻ വകയിരുത്തുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുകയും നികുതി വെട്ടിപ്പുകൾ തടയുകയും ചെയ്യുക വഴി 50 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

212. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുദ്ദേശിച്ചുകൊണ്ട് ബംഗര-മഞ്ചേശ്വർ വാണിജ്യ നികുതി ചെക്ക് പോസ്റ്റിൽ വാളയാർ ചെക്കുപോസ്റ്റ് മാതൃകയിൽ സൗകര്യങ്ങൾ ലഭ്യമാക്കി 'ഗ്രീൻ ചാനൽ' സംവിധാനം ഏർപ്പെടുത്തുന്നതാണ്.

213. വാണിജ്യ നികുതി വകുപ്പ് കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ അടക്കമുള്ള ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുക വഴി നികുതി വെട്ടിക്കലുകൾ ഫലപ്രദമായി തടയുന്നതിനും വകുപ്പ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

214. വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു പുനഃസംഘടിപ്പിക്കുന്നതാണ്. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് ഗ്രാന്റായി 50 ലക്ഷം രൂപ ഞാൻ പ്രത്യേകം വകയിരുത്തുന്നു.

ധന-സ്ഥിതി സംഗ്രഹം

215. 1999-2000-ലെ ബഡ്ജറ്റ് ഞാൻ ഈ ബഹുമാനപ്പെട്ട സഭയിൽ അവതരിപ്പിച്ചപ്പോൾ അധിക വിഭവസമാഹരണം കൂടി കണക്കിലെടുത്തശേഷം, നടപ്പ് വർഷം 129 കോടി രൂപയുടെ നികത്തപ്പെടാത്ത കമ്മിയോടുകൂടി അവസാനിക്കുമെന്നാണ് കണക്കാക്കിയിരുന്നത്. ഞാൻ ഈ ലക്ഷ്യത്തിന് ഏകദേശം അടുത്തെത്തി കഴിഞ്ഞു. 141.46 കോടി രൂപയുടെ നികത്തപ്പെടാത്ത കമ്മിയോടുകൂടി ഈ വർഷം അവസാനിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

216. നടപ്പുവർഷത്തെ (1999-2000) സാമ്പത്തികസ്ഥിതിയുടെ സംക്ഷിപ്ത രൂപം താഴെ പറയുന്നു.

പുതുക്കിയ എസ്റ്റിമേറ്റ് (രൂപ കോടിയിൽ) 1999-2000	
റവന്യൂ വരവ്	8736.91
റവന്യൂ ചെലവ്	11218.24
റവന്യൂ കമ്മി	(-) 2481.33
മൂലധന ചെലവ്	765.40
വായ്പകളും മുൻകൂറുകളും (തനി)	(-) 263.60
പൊതുകടം (തനി)	1855.88
പൊതുകണക്ക് (തനി)	1538.76
ആകെ മൊത്തം കമ്മി	(-) 115.69
വർഷാരംഭത്തൊക്കം ബാക്കി	(-) 25.77
വർഷാന്ത്യത്തൊക്കം ബാക്കി	(-) 141.46

217. 1999-2000-ലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന 9455.97 കോടി രൂപ റവന്യൂ വരുമാനം പുതുക്കിയ കണക്കനുസരിച്ച് ഏകദേശം 8736.91 കോടി രൂപ ആകുന്നതാണ്. അതേസമയം 11686.37 കോടി രൂപ ആയിരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന റവന്യൂ ചെലവ് 11218.24 കോടി രൂപ മാത്രമായിരിക്കും.

218. വരുംവർഷത്തെ സാമ്പത്തിക മാനേജ്മെന്റിൽ സുപ്രധാനമായ ഒന്ന് റവന്യൂ കമ്മി നിയന്ത്രിക്കുകയെന്നുള്ളതായിരിക്കുമെന്ന് തുടക്കത്തിൽ തന്നെ ബഹുമാനപ്പെട്ട ഈ സഭയെ ഞാൻ അറിയിച്ചിട്ടുണ്ട്. 2000-2001-ൽ റവന്യൂ വരുമാനത്തിൽ 16.41 ശതമാനം വർദ്ധനവ് ഞാൻ പ്രതീക്ഷിക്കുന്നു. സർക്കാരിന്റെ മുഖ്യ നികുതി ശേഖരണ വകുപ്പുകൾ വഴി ഇത് നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതേസമയം ചെലവുകൾ ഈ വർഷത്തെ നിലവാരത്തിൽ 8.05 ശതമാനം തന്നെ നിയന്ത്രിച്ചു നിർത്താമെന്നാണ് പ്രതീക്ഷിക്കുന്നത്. മേൽപറഞ്ഞ കണക്കുകളിൽ നിന്നും റവന്യൂ കമ്മിയിൽ 529.91 കോടി രൂപയുടെ കാര്യമായ കുറവ് ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. അടുത്ത വർഷം ഇതിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയണമെന്നും കടം വാങ്ങുന്നത് മൂലധന ചെലവുകൾക്ക് വേണ്ടി മാത്രം ആയിരിക്കുന്നതുമായ ഒരു സന്തുലിത ബഡ്ജറ്റാണ് എന്റെ ലക്ഷ്യം. പ്രതീക്ഷിക്കുന്ന അധിക വരുമാനവും പ്രഖ്യാപിക്കപ്പെട്ട സൗജന്യങ്ങളും ബഡ്ജറ്റിൽ പറഞ്ഞ അധിക ചെലവുകളും കണക്കിലെടുക്കുമ്പോൾ മൊത്തം കമ്മി 193.70 കോടി രൂപയിൽ അവസാനിക്കുന്നതാണ്.

219. 2000-2001-ലെ സാമ്പത്തിക സ്ഥിതിയുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2000-2001-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)

റവന്യൂ വരവ്	10170.35
റവന്യൂ ചെലവ്	12121.77
റവന്യൂ കമ്മി	(-) 1951.42
മൂലധന ചെലവ്	758.45
വായ്പകളും മുൻകൂറുകളും (തനി)	(-) 214.38
പൊതുകടം (തനി)	1922.97
പൊതുകണക്ക് (തനി)	990.63
ആകെ മൊത്തം കമ്മി	(-) 10.65
വർഷാരംഭത്തൊക്കെ ബാക്കി	(-) 141.46
വർഷാന്ത്യത്തൊക്കെ ബാക്കി	(-) 152.11
അധിക വിഭവ സമാഹരണ നടപടികൾ (2000-2001) മൂലമുള്ള വരവ് (തനി)	108.10
ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അധിക ചെലവുകൾ	149.69
കമ്മി	(-) 193.70

220. ഓരോ പ്രതികൂല സാഹചര്യങ്ങളിലും കഠിനമായി പ്രയത്നിച്ചുകൊണ്ട് മുന്നേറാനും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിക്ക് സ്ഥിരത കൈവരിക്കാനും നമുക്ക് കഴിഞ്ഞു. ശക്തമായ സാമ്പത്തിക മാനേജ്മെന്റുള്ള അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തിന് മുന്നേറാൻ കഴിഞ്ഞത് നിസാരമായ നേട്ടമല്ല. എന്നിരുന്നാൽ തന്നെയും നാം അപകടഘട്ടം തരണം ചെയ്തിട്ടില്ല എന്ന് മുന്നറിയിപ്പ് നൽകാനും ഞാൻ ആഗ്രഹിക്കുന്നു. കാര്യമായ പരീക്ഷണഘട്ടങ്ങൾ ഇനിയും നമ്മെ കാത്തിരിക്കുന്നു. ശേഖരിക്കാവുന്ന ഓരോ രൂപയും ശേഖരിക്കുകയും ശരിയായ രീതിയിൽ ഉപയോഗിക്കുകയും വേണം. കഷ്ടപ്പെട്ടു നേടിയെടുക്കുന്ന വിഭവങ്ങൾ പ്രത്യുൽപാദനപരമല്ലാത്ത മേഖലകളിലേയ്ക്ക് മാറ്റാൻ കഴിയുകയില്ല. മുതൽ മുടക്കിന് ശരിയായ ആദായം ലഭിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കാതെ മറ്റുള്ളവർ കേരളത്തിൽ മുതൽമുടക്കും എന്ന് പ്രതീക്ഷിക്കുന്നതും ശരിയായിരിക്കുകയില്ല.

221. വികസിത രാജ്യങ്ങളുടെ പട്ടികയിൽ നമ്മുടെ രാഷ്ട്രം അതിന്റെ സ്ഥാനം പിടിക്കുന്നതിനായി ഉയർന്ന സാമ്പത്തിക വളർച്ചാ നിരക്ക് കൈവരിക്കേണ്ടതുണ്ട്. സാമ്പത്തിക രംഗ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ നവീനമായ മുന്നേറ്റത്തിൽ അനുഗുണമായ ഒരു സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള നേതൃനിരയിൽ കേരളം എത്തപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും നാം ഒരു ഉപ ഭോഗ സംസ്ഥാനമാണ്. നമ്മുടെ നികുതി അടിസ്ഥാനം വളരെ ഇടുങ്ങിയതാണ്. നമുക്കുള്ള പരിമിതമായ വിഭവങ്ങൾ ഉപയോ ഗിച്ച് വ്യവസായം, വാണിജ്യം, സേവനം എന്നീ മേഖലകൾക്ക് ഏറ്റവും അനുഗുണമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുവാൻ അങ്ങേയറ്റം പരിശ്രമിക്കുന്നതാണ്. കേന്ദ്രനയങ്ങളും, റബ്ബർ, നാളികേരം, മറ്റ് മലഞ്ചരക്കുകൾ എന്നിവയ്ക്ക് ഉണ്ടായിട്ടുള്ള കമ്പോള തകർച്ചയും നമ്മുടെ കർഷകരുടെ മേൽ അമിതമായ ഭാരം അടിച്ചേൽപിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ ശേഷിയാ കട്ടെ തുലോം പരിമിതവും. എന്നിരുന്നാലും, കേരളത്തിലെ ജനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾ, മതിയായ പശ്ചാത്തല സൗകര്യം, സ്ഥിരതയുള്ള നിക്ഷേപ കാലാവസ്ഥ, വളർച്ചയ്ക്ക നുസൃതമായി യുക്തിസഹമായ നികുതിഘടന എന്നിവ നൽകുന്നതിന് ബഡ്ജറ്റിലെ പരിമിതികൾ ഒരു തടസ്സമായി നിൽക്കുകയില്ലെന്ന് ഈ മഹനീയ സഭയ്ക്കും അതുവഴി കേര ളത്തിലെ കഠിനാധ്വാനശീലരായ ജനങ്ങൾക്കും ഉറപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെയീ പരിശ്രമത്തിന് ഹൃദയപൂർവ്വ മായ സഹകരണം ലഭിച്ചതിൽ ഞാൻ ഭാഗ്യമുള്ളവനാണ്. ഭാവി യിലും ഇത്തരം രീതിയിലുള്ള സഹകരണം പ്രതീക്ഷിക്കുന്നു.

222. ബഡ്ജറ്റുകൾ അത് അവതരിപ്പിക്കുന്ന അക്കങ്ങളെക്കാൾ വ്യാപ്തിയുള്ളവയാണ്. യഥാർത്ഥത്തിൽ അവ ഒരു ജനത യുടെ സാമ്പത്തിക ചരിത്രത്തിന്റെ നാഴികകല്ലുകളാണ്. ബഡ്ജറ്റിനെ വളർച്ചയ്ക്കുള്ള മൂർച്ചയേറിയ പ്രേരക ശക്തി യായി ഉപയോഗിക്കുമ്പോൾ തന്നെ, ഏതൊരു പുരോഗമന ഗവൺമെന്റിന്റേയും മുഖമുദ്രയായ 'മനുഷ്യത്വത്തിൽ അധിഷ്ഠി തമായ വികസനം' എന്ന കാഴ്ചപ്പാടിൽ ഞാൻ ഉറച്ചു നിൽക്കു ന്നു. നമുക്ക് ലഭ്യമായ ധനവിഭവങ്ങളേയും പ്രകൃതി, സാങ്കേതി ക, മാനുഷിക വിഭവങ്ങളേയും സമന്വയിപ്പിച്ചുകൊണ്ട് ഇരുപ ത്തൊന്നാം നൂറ്റാണ്ടിൽ പ്രകാശമാനമായ ലോകം നമുക്ക് മുന്നിൽ തുറന്നുതന്ന സാധ്യതകളെ പരമാവധി പ്രയോജനപ്പെ ടുത്തുക എന്നുള്ളതാണ് എന്റെ കടമയായി ഞാൻ കരുതു ന്നത്.

223. കാറും കോളുമടങ്ങുമെന്നും ജലാശയങ്ങൾ ശാന്തമാകുമെന്നും ആടിയുലഞ്ഞിരുന്ന സസ്യലതാദികൾ താരാട്ടുകേട്ട് നിശ്ചലമാ കുമെന്നും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ജീവ ത്യാഗം ചെയ്ത സമരസേനാനികൾ സ്വപ്നം കണ്ട സ മ്പൽസമൃദ്ധമായ കേരളവും പുതിയൊരിന്ത്യയും കെട്ടിപ്പടുക്കു വാൻ കഴിയുന്ന ആ സൂര്യോദയം ആസന്ന ഭാവിയിൽത്തന്നെ ഉണ്ടാകുമെന്നുമുള്ള കാര്യത്തിൽ ഞാൻ ശുഭാപ്തി വിശ്വാസി യാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് നമുക്കൊരുമ യോടെ മുന്നേറാം.

224. 2000 ഏപ്രിൽ ഒന്നു മുതൽ നാല് മാസത്തേയ്ക്കുള്ള ചെലവുകളുടെ വോട്ട് ഓൺ അക്കൗണ്ടും ഞാൻ ഇതോടൊപ്പം അവതരിപ്പിക്കുന്നു.

നന്ദി

അനുബന്ധം I

(189-ാം ഖണ്ഡിക കാണുക)

ഖാദി ഗ്രാമ വ്യവസായങ്ങൾ

1. തീപ്പെട്ടി, പടക്കം, അഗർബത്തി എന്നിവയുടെ നിർമ്മാണം
2. സോപ്പ് നിർമ്മാണം
3. തുകൽ ഊറയ്ക്കിടുന്നതും ബന്ധപ്പെട്ട വ്യവസായങ്ങളും
4. തുകൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം
5. കൈകൊണ്ടുണ്ടാക്കുന്ന പേപ്പർ
6. ശർക്കരയുടെയും ഖണ്ഡസാരിയുടേയും നിർമ്മാണം
7. ചാണകത്തിൽ നിന്നും മറ്റു മാലിന്യങ്ങളിൽ നിന്നുമുണ്ടാക്കുന്ന വളത്തിന്റേയും മീതെയ്ൻ ഗ്യാസിന്റേയും നിർമ്മാണം
8. കക്കാ ഉൽപ്പന്നങ്ങളുടെ നിർമ്മാണം
9. ഷെല്ലാക്ക് നിർമ്മാണം
10. പച്ചക്കറി-പഴം ഉൽപ്പന്നങ്ങളുടെ നിർമ്മാണം
11. മുള കൊണ്ടും ചൂരൽ കൊണ്ടുമുള്ള വസ്തുക്കളുടെ നിർമ്മാണം
12. ഫർണീച്ചർ ഒഴികെ കൊല്ലപ്പണി കൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം
13. ഫർണീച്ചർ ഒഴികെ ആശാരിപ്പണി കൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം
14. കയർ ഒഴികെ നാരുകൾ കൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം
15. അലുമിനിയം കൊണ്ടുള്ള വീട്ടുപാത്രങ്ങളുടെ നിർമ്മാണം
16. ചോളം കൊണ്ടും റാഗി കൊണ്ടുമുള്ള വസ്തുക്കളുടെ നിർമ്മാണം
17. റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം (റബ്ബർബാൻഡ്, ഗ്ലൗസ്, ബലൂൺ തുടങ്ങിയ മുക്കിയെടുത്ത ലാറ്റക്സ് ഉൽപന്നങ്ങൾ)
18. പന ഉൽപ്പന്നങ്ങളുടെ നിർമ്മാണം
19. മൺപാത്ര നിർമ്മാണം
20. തേൻ ഉൽപാദനം
21. ഗനി ഓയിൽ നിർമ്മാണം

അനുബന്ധം II

(200-ാം ഖണ്ഡിക കാണുക)

കെ.ജി.എസ്.ടി.ആക്ടിലെ ഫീസ് മാറ്റത്തിന്റെ പട്ടിക

ക്രമനം	ഇനം	നിലവിലുള്ളത്	നിർദ്ദേശിക്കുന്നത്
1.	മജിസ്ട്രേഷൻ ഫീസ് (എ) 3 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ള ഡീലർമാർ (ബി) 3 ലക്ഷവും അതിനുമുകളിൽ 10 ലക്ഷത്തിൽ	100 രൂപ	250 രൂപ

LIBRARY ARCHIVES Kerala Legislative Assembly

214. Traders Welfare Fund Board will be reconstituted by including more members. I set apart an amount of Rs.50 lakhs as grant for the functioning of the Board.

SUMMARY OF FINANCIAL POSITION

215. When I presented my budget for 1999-2000 in this august house, I had estimated that the State would have a closing balance of (-) Rs.129 cr. taking into account the measures I had announced for Additional Resources Mobilisation. I have been quite near the mark, and this year I expect Government to close its books with a balance of Rs. (-) 141.46 cr.

216. The overall position for the current year 1999-2000 is as follows:

Revised Estimates 1999-2000 (in Rs.cr.)	
Revenue Receipts	8736.91
Revenue Expenditure	11218.24
Revenue Deficit	(-) 2481.33
Capital Expenditure	765.40
Loans and Advances (Net)	(-) 263.60
Public Debt (Net)	1855.88
Public Account (Net)	1538.76
Overall Deficit	**(-) 115.69**
Opening Cash Balance	(-) 25.77
Closing Cash Balance	**(-) 141.46**

217. As against Rs. 9455.97 cr proposed as Revenue Receipts in the budget for 1999-2000, the revised figures are likely to be around Rs.8736.91 cr. At the same time expenditure, which was projected to be Rs.11686.37 cr., is likely to be only Rs. 11218.24 cr.

218. At the outset, I had informed this honourable house that one of my prime concerns in the coming year in my fiscal management will be in controlling revenue deficit For the year 2000-01, I expect an increase of 16.41% in tax receipts. I am confident that this can be achieved by the major tax collecting departments in Government. At the same time, I hope to control expenditure at 8.05% from current year's level. Thus my figures for 2000-01 will show a sharp decline in revenue deficit of Rs.**529.91 cr.** from this year's revised figures. It is my resolve to improve this in the next year and move towards a balanced budget for the State, where Government will be borrowing only for financing Capital Expenditure. Taking into account the various revenue measures and concessions and the additional expenditure that I have announced in may speech, there will be an overall deficit of Rs.193.70 cr.

LIBRARY ARCHIVES Kerala Legislative Assembly

219. The summary of the position for the year 2000-2001 is as follows:

Budget Estimates 2000-01 (in Rs.cr.)	
Revenue Receipts	10170.35
Revenue Expenditure	12121.77
Revenue Deficit	(-) 1951.42
Capital Expenditure	758.45
Loans and Advances (Net)	(-) 214.38
Public Debt (Net)	1922.97
Public Account (Net)	990.63
Overall Deficit	**(-) 10.65**
Opening Cash Balance	(-) 141.46
Closing Cash Balance	**(-) 152.11**
Net yield from ARM Measures (2000-01)	**108.10**
Additional Expenditure announced in Budget Speech	**149.69**
Deficit	**(-) 193.70**

220. The State has struggled hard and despite every adverse situation been able to consolidate its position. It is no mean achievement that Kerala is counted among the only five States with sound financial management. Yet I would like to caution that we are still not out of the woods. Fairly testing times lie ahead of us. Every rupee spent has to be done in priority sectors alone. Every rupee that can be earned has to be collected and put to good use. We cannot afford to apportion hard earned resources in unproductive sectors, or expect others to invest in Kerala unless we provide an environment for lucrative return.

221. The country should gear itself up for accelerated economic growth to take its place among developed nations. Kerala is poised to play a lead role in seeking to foster a culture based on advancing innovation in the economy. We however, are a consumer state. Our tax base is very narrow. With the limited means at our command, we shall strive to ensure a most harmonious environment for our industry, trade and services. The Centre's policies and the over all market for rubber, coconut and other hill produce have placed an unmitigated burden on our farmers. The means available with the State are also very meagre. However, I wish to assure this august house and through it, the hardworking people of Kerala that no budgetary constraints will hold back the Government from ensuring basic facilities, adequate infrastructure, a stable investment climate and a rational tax structure designed for growth. I have been

LIBRARY ARCHIVES Kerala Legislative Assembly

fortunate to receive your wholehearted cooperation in this endeavour in the past and hope to receive the same in the future.

222 Budgets are more than the figures that they present. They are indeed milestones in the economic history of a people. My budget seeks to provide a sharper stimulus to growth while reaffirming the humanism in development that should be the hallmark of any progressive government. What I have sought to do is to facilitate opportunities for the financial resources at our disposal to join together with our human, natural and technological resources so that we too can take advantage of the very bright world opening out to us in the 21st century.

223 I am hopeful that the troubled waters will subside and the troubled foliage will be lulled to rest and a day will dawn in the near future wherein we will be able to build a more prosperous Kerala and a New India of the dreams of the freedom fighters and those who laid their lives for the sake of the freedom of the country. Let us stand united as one man for achieving this goal.

224 I am also presenting the Vote on Account for expenditure for four months from 1st April 2000 to 31st July 2000.

Thank you

ANNEXURE-I

(See Para 189)

Khadi and Village Industries

1 Manufacture of Matches, fireworks and Agar bathies

2 Manufacture of soaps

3 Tanning of hides and skins and ancillary industries connected with the same

4. Manufacture of leather goods

5. Manufacture of hand made paper

6. Manufacture of cane gur and khandsari

7. Manufacture of Manure and methane gas from cow dung and other waste products

8. Manufacture of lime products

9 Manufacture of shellac

10. Manufacture of vegetable and fruit products

11. Manufacture of bamboo and cane goods other than furniture.

12. Manufacture of goods through black smithy other than Manufacture of furniture

13. Manufacture of goods through carpentry other than Manufacture of furniture

LIBRARY ARCHIVES Kerala Legislative Assembly